പോലീസ് സ്റ്റേഷൻ. അതുപോലെതന്നെ ഏറ്റവും കൂടുതൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുന്നതും തൃപ്പൂണിത്തുറ ഹിൽ പാലസ് പോലീസ് സ്റ്റേഷനിലാണ്. വൈക്കം കഴിഞ്ഞാൽ 30 കിലോമീറ്ററിനുള്ളിൽ ആകെയുള്ളത് തൃപ്പൂണിത്തുറ പോലീസ് സ്റ്റേഷനാണ്. അതുകൊണ്ട് ഹിൽ പാലസ് പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ ഉദയംപേരൂരിൽ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് അടിയന്തിരമായി നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* അങ്ങനെയൊരു നിർദ്ദേശം ഡി.ജി.പി.-യിൽ നിന്ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൻമേൽ എത്രയും വേഗം നടപടിയെടുക്കും.

(15) പറവൂരിൽ സുഭാഷകൻ എന്ന ആൾ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2-ാം തീയതി വെളുപ്പിന് പറവൂർ നാലുവഴിക്ക് അടുത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റിന് സമീപം പറവൂർ നന്ത്യാട്ടുകുന്നം മച്ചമ്പേരിവീട്ടിൽ 58 വയസ്സുള്ള സുഭാഷകൻ എന്ന ആൾ കൊലചെയ്യപ്പെട്ടതായി കാണുകയുണ്ടായി. പറവൂരിലും പരിസര പ്രദേശത്തും കഴിഞ്ഞ കുറേ നാളുകളായി നിരവധി കൊലപാതകങ്ങളും അക്രമപരമ്പരകളും നടക്കുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിൽ പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. അവിടെ രണ്ട് ചിട്ടിക്കമ്പനികളുമായി ബന്ധപ്പെട്ട് നടക്കുന്ന അക്രമ പരമ്പരകളും, കൊലപാതകങ്ങളും, ഗുണ്ടായിസവും ആ പ്രദേശത്തെ മുഴുവൻ ജനങ്ങളേയും ഭീതിയിൽ ആഴ്ത്തിയിരിക്കുകയാണ്. ഞാനും ബഹുമാനപ്പെട്ട ഞാറയ്ക്കൽ എം.എൽ.എ. ഡോ. എം. എ. കുട്ടപ്പനും ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടന കണിച്ചുകുളങ്ങര കൊലപാതകം ഉൾപ്പെടെയുള്ള സംഭവങ്ങളും, ഇതിനുമുമ്പ് നടന്ന കൊലപാതകങ്ങളും, ഈ രണ്ട് ചിട്ടിക്കമ്പനികൾ അവിഹിതമായി സമ്പാദിച്ച പണവും, അവർ നടത്തുന്ന ഗുണ്ടാ പ്രവർത്തനങ്ങളും, അതുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥന്മാരെക്കുറിച്ചും, ഏതെങ്കിലും രാഷ്ട്രീയ നേതാക്കൻമാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെക്കുറിച്ചും അന്വേഷണ പരിധിയിൽ കൊണ്ടുവരണം. പൊതുവെ നമ്മുടെ നാട്ടിൽ എന്ത് സംഭവമുണ്ടായാലും പൊളിറ്റിക്കൽ നെക്സസ് ആരോപിക്കപ്പെടുന്നത് സ്വാഭാവികമാണ്. ഇതിന്റെ പേരിൽ ഒരുപാട് പേർ ഇപ്പോൾ പീഡിപ്പിക്കപ്പെടുകയാണ്. ഓരോ പത്രങ്ങളും ദിവസവും ഓരോരുത്തരുടെ പേരുകൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. അതുകൊണ്ട് ഈ കൊലപാതകങ്ങൾ മാത്രമല്ല അതുമായി ബന്ധപ്പെട്ടുണ്ടായ അക്രമസംഭവങ്ങളും, ഇവരുമായി നെക്സസുള്ള ഉദ്യോഗസ്ഥന്മാരെയും, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൻമാരെയും ഇതിന്റെ പരിധിയിൽപ്പെടുത്തി സംസ്ഥാനത്തെ ഉയർന്ന നിലയിലുള്ള നിഷ്പക്ഷനായ ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് ഗൗരവതരമായി അന്വേഷിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ആലുവ പറവൂർ തെക്ക് നാലുവഴിയിലുള്ള ബിവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഷോപ്പിലെ വാച്ച്മാൻ 2-8-2005-വെളുപ്പിന് ഗുരുതരമായി പരിക്കേറ്റ് അത്യാസന്നനിലയിൽ കിടക്കുന്നത് പട്രോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ കണ്ടു. ഉടനെതന്നെ സുഭാഷകൻ എന്ന പേരുള്ള അദ്ദേഹത്തെ പറവൂർ സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിച്ചുവെങ്കിലും മരിച്ചു. അതുസംബന്ധിച്ചുള്ള കേസ് പ്രത്യേകമായി അന്വേഷിക്കുന്നുണ്ട്. പോലീസ് നായയുടെയും, വിരലടയാളവിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച് ഏറ്റവും ഫലപ്രദമായ രീതിയിലുള്ള അന്വേഷണം നടത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ചില പ്രശ്നങ്ങളും അവിടെ നടന്ന മറ്റ് പല കൊലപാതകങ്ങളും, ഈ അടുത്തകാലത്ത് രണ്ടു ചിട്ടിക്കമ്പനികൾ തമ്മിലുണ്ടായ മത്സരത്തിന്റെ ഫലമായുണ്ടായ പ്രശ്നങ്ങളുമെല്ലാം വളരെ ഗൗരവമായിട്ട് കാണുകയാണ്. ഇതിനെക്കുറിച്ച് ഏറ്റവും നല്ല നിലയിലുള്ള ഒരു അന്വേഷണം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇന്നലെ ശ്രീ. വി. ഡി. സതീശനും, ഡോ. എം. എ. കുട്ടപ്പനും ഇക്കാര്യം എഴുതിത്തന്നു. അതിനെത്തുടർന്ന് ഞാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചതിനുശേഷം സതേൺ സോൺ ഐ. ജി. ശ്രീ. സെൻകുമാറിനെ ഇക്കാര്യം അന്വേഷിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(16) വയനാട്ടിൽ വെള്ളപ്പൊക്കംമൂലം ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ

ശ്രീ. സി. മമ്മൂട്ടി: സർ, കഴിഞ്ഞ നാല് ദിവസമായി വയനാട് ജില്ലയിൽ തോരാത്ത മഴ പെയ്തതുമൂലം ജനങ്ങൾ വളരെ ദുരിതമനുഭവിക്കുകയാണ്. അവിടത്തെ കർഷകത്തൊഴിലാളികൾക്കും ആദിവാസികൾക്കും പുറത്തുപോയി പണി ചെയ്യാൻ പറ്റാത്ത വിധത്തിൽ പുഴ കരകവിഞ്ഞൊഴുകുകയും വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്തിട്ടുണ്ട്. പനമരം എന്ന സ്ഥലത്ത് മഴവെള്ളത്തിൽ ഒരാൾ ഒലിച്ചുപോയി. അതുപോലെ ഉരുൾപൊട്ടലിനെത്തുടർന്ന് തരിയോട് ആശ്വാസക്യാമ്പിൽ താമസിപ്പിച്ചിരുന്ന ഒരാൾ ഇന്നലെ മരണപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly